' ഭരണഭാഷ മാതൃഭാഷ '

**തിരുവനന്തപുരം പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ മുതിർന്ന ഭരണ കാര്യസ്ഥയുടെ നടപടി ക്രമങ്ങൾ**

(ഹാജർ: ഹേമപ്രഭ.ഡി)

വിഷയം:- പൊ.മ.വ- ജീവനക്കാര്യം - വയനാട് ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളിൽ നിലവിൽ ഒഴിവുള്ള കുക്ക് -കം-വാച്ചർ തസ്തികകളിൽ നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം. 1. 6.1.2018 ലെ വയനാട് ജില്ലാ കളക്ടറുടെ എ 8-2010/27763/12 നമ്പർ കത്ത്.

2 31.10.1990 -ലെ 47/90/ഉ.ഭ.പ.വ നമ്പർ.സ.ഉ.പ്രകാരമുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ്.

**ഉത്തരവ് നമ്പർ. ഒ & എം3- 22139/14(4) തീയതി 05/02/2018**

പരാമർശം (2) പ്രകാരം പി.ഡബ്ല്യൂ.ഡി റസ്റ്റ്ഹൗസുകളിലെ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് ആയ കാറ്റഗറി 4 ൽ ഉൾപ്പെടുന്ന കുക്ക് -കം-വാച്ചർ തസ്തികകളിലേയ്ക്ക് പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ പൊതുവായ ജില്ലാതല സീനിയോറിറ്റി ലിസ്റ്റിൽ നിന്നും യോഗ്യരായ ജീവനക്കാരെ സ്ഥാനകയറ്റം നൽകിയാണ് നിയമിക്കുന്നത്. പരാമർശം(1) പ്രകാരം വയനാട് ജില്ലാ കളക്ടർ ശുപാർശ ചെയ്ത ചുവടെ ചേർക്കുന്ന ജീവനക്കാരെ അവരുടെ പേരിനു നേരെ സൂചിപ്പിച്ചിരിക്കുന്ന റസ്റ്റ് ഹൗസുകളിലേയ്ക്ക് 17000-37500 ശമ്പള സ്കെയിലിൽ കുക്ക്.കം.വാച്ചർ തസ്തികയി സ്ഥാനകയറ്റം നൽകി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | ജീവനക്കാരുടെ നിലവിലെ ഓഫീസ് | സ്ഥാനക്കയറ്റം നിയമിച്ച റസ്റ്റ് ഹൗസ് |
|---|---|---|---|
| 1 | ശ്രീമതി.വസന്തകുമാരി | തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത് | ടി.ബി.കൊറോം മാനന്തവാടി |
| 2 | ശ്രീമതി.ഷാജി.വി | തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത് | ഐ.ബി.മാനന്തവാടി, വയനാട് |
| 3 | ശ്രീമതി.മായ.എം | പൊതുമരാമത്ത വകുപ്പ് (പുരുഷൻമാരുടെ ഹോസ്റ്റൽ, കൽപ്പറ്റ) | വൈത്തിരി റസ്റ്റ് ഹൗസ്, വയനാട് |
| 4 | ശ്രീമതി.ഗീത.പി.എ | പട്ടിക വർഗ്ഗ വികസന വകുപ്പ് (മാനന്തവാടി) | കൽപ്പറ്റ റസ്റ്റ് ഹൗസ് |
| 5 | ശ്രീമതി.പുഷ്പ.ടി | പട്ടിക വർഗ്ഗ വികസന വകുപ്പ് (പ്രീ മെട്രിക് ഹോസ്റ്റൽ, അഞ്ചുമന, അഞ്ചുകുന്ന്) | മേപ്പാടി റസ്റ്റ് ഹൗസ് |

മറുപുറം....

മേൽ നിയമനം ആവശ്യമായി വരുന്ന പക്ഷം പുന: പരിശോധനയും റിവേർഷനും വിധേയമായിരിക്കും. പ്രസ്തുത നിയമനം ടിയാന്റെ വയസ്സിന്റേയും വിദ്യാഭ്യാസ യോഗ്യതയുടേയും അസൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് തൃപ്തിപ്പെട്ടതിന്റെ അടിസ്ഥാനത്തിലായിക്കും.

ഈ ഉത്തരവ് അനുസരിച്ച് സർവ്വീസിൽ പ്രവേശിച്ച കാലാവധി മുതൽ 2 വർഷത്തിനകത്ത് ഒരു വർഷം ജീവനക്കാരന്റെ നിരീക്ഷണകാലമായി കണക്കാക്കാവുന്നതാണ്. സർക്കാരിന്റെ നിർബന്ധിത സ്കീമുകളായ ജി.പി.എഫ്, എസ്.എൽ.ഐ, ജി.ഐ.എസ് എന്നിവയിൽ അംഗമാകേണ്ടതാണ്.

നിയമനം കിട്ടിയ ജീവനക്കാരൻ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ മേൽപറഞ്ഞ രേഖകൾ സഹിതം ബന്ധപ്പെട്ട കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ മുമ്പാകെ ഹാജരാകേണ്ടതാണ്.

ഇപ്പോഴുള്ള തസ്തികയിൽ നിന്നും വിടുതൽ ചെയ്യുന്നതിനു മുമ്പ് സ്ഥാനകയറ്റം ലഭിച്ച തസ്തികയിൽ ജോലി ചെയ്യുന്നതിന് സമ്മതമാണ് എന്ന് ബന്ധപ്പെട്ട ആഫീസർ രേഖാമൂലം എഴുതി വാങ്ങേണ്ടതും ആയത് പുതിയ ജോലിയിൽ പ്രവേശിക്കുമ്പോൾ ഹാജരാക്കപ്പെടേണ്ടതുമാണ്. നിർദ്ദേശിക്കപ്പെട്ട ജീവനക്കാരൻ തന്നെയാണ് ജോലിയിൽ പ്രവേശിക്കുന്നത് എന്ന് ഉറപ്പ വരുത്തുന്നതിനായി നിലവിലെ ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയ ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ രേഖ ഹാജരാക്കേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ തിരിച്ചറിയൽ രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിനു ശേഷം മാത്രം ജോലിയിൽ പ്രവേശിപ്പിക്കേണ്ടതാണ്.

ജോലിയിൽ നിന്നും വിടുതൽ ചെയ്യുന്നതും പുതിയ ആസ്ഥാനത്ത് ജോലിയിൽ പ്രവേശിക്കുന്നതും ബന്ധപ്പെട്ട ആഫീസർമാർ യഥാസമയം ഈ കാര്യാലയത്തിലേയ്ക്ക് അറിയിക്കേണ്ടതാണ്.

മുതിർന്ന ഭരണ കാര്യസ്ഥ

സ്വീകർത്താവ്

വ്യക്തികൾക്ക്. (രജിസ്റ്റേർഡ് തപാലിൽ )

പകർപ്പ്

1. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെട്ടിട വിഭാഗം, വയനാട്, കൽപ്പറ്റ.
2. വയനാട് ജില്ലയിലെ ബന്ധപ്പെട്ട മറ്റു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ) , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ (പൊതുമരാമത്ത് വകുപ്പ് വെബ് സൈറ്റ് മുഖാന്തിരം)
3. പൊതുമരാമത്ത് വകുപ്പ് വെബ് സൈറ്റ്
4. കരുതൽ പകർപ്പ്

fc3